MONDAY 21-02-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/02/2022

1. **സർവ്വ -രോഗ കീട സംഹാരി** എന്ന പേരിലും **നവീന ജൈവകൃഷി സൂക്തം** എന്ന പേരിലും കർഷകരുടെ ഇടയിൽ ഹോമിയോ മരുന്നുകൾ ചില സ്വകാര്യ വ്യക്തികളും ഏജൻസികളും പ്രചരിപ്പിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കേരള കാർഷിക സർവ്വകലാശാല കർഷകർക്ക് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. കാർഷിക വിളകളിലെ ഹോമിയോ പരിചരണം സംബന്ധിച്ച സോഷ്യൽ മീഡിയ പ്രചരണങ്ങളും സജീവമാണ്. ഇവരുടെ വ്യാജ പ്രചരണങ്ങളിൽ വഞ്ചിതരാകരുതെന്നും കർഷകർ ജാഗ്രത പാലിക്കണമെന്നും കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. കൃഷിയിൽ ഹോമിയോ മരുന്നുകളുടെ ഉപയോഗം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലോ കേരള കാർഷിക സർവ്വകലാശാലയോ അംഗീകരിക്കുകയോ ശുപാർശ ചെയ്യുകയോ ചെയ്യപ്പെട്ടിട്ടില്ലാത്തതാകുന്നു. ഹോമിയോ മരുന്നുകൾ വിളകളിൽ ഉൽപാദന വർദ്ധനവ് ഉണ്ടാക്കുമെന്നും വരൾച്ചയെ പ്രതിരോധിക്കുമെന്നും ഉള്ള വ്യാജ വാർത്തകളും ഇതിന്റെ പ്രോക്താക്കൾ പ്രചരിപ്പിക്കുന്നുണ്ട്. കർഷകർ സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസ് പ്രകാരമുള്ള സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ ഉപയോഗിക്കണമെന്നും അധികൃതർ അറിയിച്ചു.

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തിവരുന്നു. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും, അവരുടെ പരിധിയിലുള്ള കൃഷി ഭവനുകളിൽ **ഈ മാസം 28 നു** (ഫെബ്രുവരി 28) മുൻപായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്. മാതൃക ഫോറം കൃഷിഭവനുകളിൽ ലഭ്യമാണ്.

3. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും (കാംകോയിൽ) വിവിധതരം കാർഷിക യന്ത്രങ്ങൾ 40 ശതമാനം മുതൽ 80 ശതമാനം വരെ സൗജന്യ നിരക്കിൽ ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾ www.kamcoindia.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. താൽപ്പര്യമുള്ളവർ **കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, അത്താണി 683585, എറണാകുളം** എന്ന വിലാസത്തിലോ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**9400865666** എന്ന ഫോൺ നമ്പരിലോ, marketing@kamcoindia.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു മുതൽ 25 വരെ (ഫെബ്രുവരി 21 മുതൽ 25 വരെ) കണിയാമ്പറ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. ഐ.സി.എ.ആറിന്റെ കീഴിലുള്ള ദേശീയവിജ്ഞാന വ്യാപന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കന്യാകുമാരി ആസ്ഥാനമായ മാനേജിന്റെ (MANAGE) നോഡൽ ഏജൻസിയായ സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് 45 ദിവസത്തെ അഗ്രി ക്ലിനിക് ആന്റ് അഗ്രി ബിസിനസ് സെന്ററുമായി (AC&ABC) ബന്ധപ്പെട്ട കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ് ടു അഥവാ വി.എച്ച്.എസ്.സി യാണ് അടിസ്ഥാന യോഗ്യത. സയൻസ് ഗ്രൂപ്പുകാർ, അഗ്രിക്കൾച്ചർ, ബയോളജി, ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമയുള്ളവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് **9387212005, 944397588** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. **അപേക്ഷ അയയ്ക്കേണ്ട വിലാസം സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ്, കോട്ടക്കാരെ റോഡ്, കന്യാകുമാരി-629702.**

**പരിശീലന പരിപാടികൾ**

6. ഓർക്കിഡ് കൃഷി വ്യാപിപ്പിക്കുന്നതിലേക്കായി കേന്ദ്ര ജൈവസാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം നടപ്പിലാക്കുന്ന ഓർക്കിഡ് പുഷ്പക്കൃഷി പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പൂകൃഷിയിൽ ഏർപ്പെടാനുള്ള പരിശീലനത്തോടൊപ്പം സൗജന്യമായി ഓർക്കിഡ് തൈകളും ലഭ്യമാകും. www.jntbgri.res.in എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോ-ഓർഡിനേറ്റർ, പി.സി.സി, ജെ.എൻ.ടി.ബി.ജി.ആർ.ഐ, കരിമൺകോട്, പച്ച പാലോട്. 695562 എന്ന മേൽവിലാസത്തിൽ ഈ മാസം 25-ന് (ഫെബ്രുവരി 25) മുമ്പായി നേരിട്ടോ, തപാൽ മാർഗ്ഗമോ സമർപ്പിക്കാവുന്നതാണ്.

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നാളെയും മറ്റെന്നാളുമായി (ഫെബ്രുവരി 22,23) രാവിലെ 11 മണി മുതൽ **ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ ക്ലാസ്സ്റൂം പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പ്രവേശനം പരിമിതപ്പെടുത്തിയിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. താൽപര്യമുള്ളവർ ഇന്ന് (ഫെബ്രുവരി 21-ന്) വൈകുന്നേരം 5 മണിക്കു മുമ്പായി **0476 2698550, 8075028868** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 24,25 (ഫെബ്രുവരി 24,25) തീയതികളിൽ **ശുദ്ധമായ ക്ഷീരോല്പാദനം** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേരെയായിരിക്കും പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **0471-2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം പി.ഒ, തിരുവനന്തപുരം -695004 എന്ന വിലാസത്തിൽ നേരിട്ടോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെട്ട് ഈ മാസം 23-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.